# കേരള
# പ്രൈവററ് കോളേജ്
# ടീച്ചർ

എ. കെ. പി. സി. ടി. എ. ജേർണൽ.
1981 ജൂലൈ

# അറിയിപ്പുകൾ

ബ്രാഞ്ചുസെക്രട്ടറിമാർക്ക്:

## അവകാശദിനം

കോർപ്പറേററ് മാനേജുമെൻറുകളിലെ അധ്യാപകരെ ദ്രോഹിക്കുന്ന തരത്തിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന സ്ഥലമാററങ്ങളിൽ പ്രതിഷേധിക്കാൻ ജൂലൈ 23ന് അവകാശദിനമായി ആചരിക്കുവാനുള്ള അറിയിപ്പ് കിട്ടിയിരിക്കുമല്ലോ. എസ്. എൻ. — എൻ. എസ്. എസ്. കോളേജുകളിൽ അന്നേദിവസം അധ്യാപകർ ധർണ്ണ നടത്തും. അവകാശദിനാചരണം വമ്പിച്ച വിജയമാക്കുക.

## മെമ്പർഷിപ്പ്

മെമ്പർഷിപ്പ പ്രവർത്തനം ഊർജ്ജിതമായി നടത്തുക. പുതുതായി ധാരാളം അധ്യാപകർ കോളേജുകളിൽ എത്തിയിട്ടുണ്ട്. അവരെയെല്ലാം സംഘടനയുടെ അംഗങ്ങളാക്കുക. മെമ്പർഷിപ്പുതുക സംസ്ഥാന ട്രഷററുടെ പേർക്ക് അയയ്ക്കണം.

Prof. N. Bhargavan
S. N. College
Cannannore

## വെൽഫയർ ട്രസ്ററ്

ട്രസ്ററിൽ അംഗങ്ങളായി ഇനിയും ധാരാളം എ കെ. പി. സി. ടി. എ. അംഗങ്ങൾ ചേരാനുണ്ട്. ഈ രംഗത്തെ നമ്മുടെ ഉത്തരവാദിത്വം വളരെ വർദ്ധിച്ചിട്ടുണ്ടെന്നതും ഓർക്കുക. എല്ലാ എ. കെ. പി. സി. ടി. എ. അംഗങ്ങളേയും ട്രസ്ററിൽ ചേർക്കുക.

## ജേർണൽ

സംഘടനാവാർത്തകൾ അധ്യാപകർക്ക് എത്തിച്ചുകൊടുക്കാൻ ഏറെ പ്രയോജനം ചെയ്യുന്ന നമ്മുടെ ജേർണൽ മുടങ്ങാതെ മുന്നോട്ടു കൊണ്ടുപോകാനുള്ള സഹായം ബ്രാഞ്ചു സെക്രട്ടറിമാർ നൽകണം. അതിനായി വരിക്കാരുടെ എണ്ണം വർദ്ധിപ്പിയ്ക്കുകയും പരസ്യങ്ങൾ ശേഖരിച്ച് അയച്ചുകൊടുക്കുകയും ചെയ്യുക.

മേൽവിലാസം

*Kerala Private College Teacher*
*Vasantham*
*Kesavadasapuram*
*Trivandrum-4*

---

എ. കെ. പി. സി. ടി. എ. യ്ക്ക്

# തിരുവനന്തപുരത്ത് ഓഫീസ്

എ. കെ. പി. സി. ടി. എ. യുടെ ഓഫീസ് ആഗസ്ററ് 1 മുതൽ തിരുവനന്തപുരത്ത് പ്രവർത്തനമാരഭിക്കുന്ന വിവരം സന്തോഷപൂർവ്വം അംഗങ്ങളെ അറിയിയ്ക്കുന്നു.

മേൽവിലാസം

*Kalyan*
*T. C. 3/1690*
*L. I. C. Lane,*
*Pattom, Tvm-4*

ജനറൽ സെക്രട്ടറി

# അഴിമതിക്കെതിരെ പോരാടുക

വിദ്യാഭ്യാസരംഗത്ത് ആഴത്തിൽ വേരോടിയിട്ടുള്ള അഴിമതിയെപ്പറ്റി അറിയാത്തവരായി ആരുമില്ല. പ്രീപ്രൈമറി തലം മുതൽ കോളേജുകളിൽവരെ നിർബാധം അതു നിലനിന്നുപോരുന്നു. കോഴയായികൊടുക്കുന്ന തുകയുടെ ഏറ്റക്കുറച്ചിലുമാത്രമേ ഇന്ന് ചർച്ചാവിഷയമാകുന്നുള്ളു. കോഴ ഏതാണ്ട് ഒരു സ്ഥിരം ഏർപ്പാടായി കാണപ്പെടുന്നു.

പൊതുജനങ്ങളുടെ അകമഴിഞ്ഞ സഹകരണത്തോടെയാണ് നമ്മുടെ നാട്ടിൽ വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം ഉയർന്നുവന്നിട്ടുള്ളത്. എന്നാൽ അവയുടെ തലപ്പത്ത് ഇന്ന് മാനേജരന്മാരായി വിളങ്ങുന്നവർ, പൊതുജനങ്ങൾ ലക്ഷ്യമാക്കിയിരുന്ന വിദ്യാഭ്യാസത്തിന്റെ മഹനീയത മനസ്സിലാക്കുന്നതേയില്ല. അവർക്ക് വിദ്യാഭ്യാസം വെറും കച്ചവടരംഗംമാത്രമാണ്. അപൂർവ്വം ചില മാനേജുമെന്റുകളെ ഒഴിച്ചുനിർത്തിയാൽ ബാക്കിയെല്ലാവരും ഈ ലാഭക്കച്ചവടം ശരിക്കു നടത്തുന്നുണ്ട്. എല്ലാം കച്ചവടമനസ്ഥിതിയിൽമാത്രം കാണുന്ന നമ്മുടെ സമൂഹത്തിൽ ഇതിൽ അത്ഭുതപ്പെടാനുമില്ല

ഫസ്റ്റ് ക്ലാസ്സും റാങ്കും ഒക്കെ നേടി അധ്യാപകരാകാൻ വരുന്നവർ മാനേജുമെന്റുകളുടെ വലിയ ചൂഷണത്തിന് ഇന്ന് വിധേയരാകുന്നു. എഴുപത്തയ്യായിരം രൂപവരെ നിയമനത്തിനു വാങ്ങിയ സംഭവങ്ങളുണ്ട്. നിയമനം കിട്ടുന്നത് കോർപ്പറേറ്റ് മാനേജുമെന്റിലാണെങ്കിൽ മറ്റൊരുതരം ചൂഷണവുമുണ്ട്. സ്ഥലം മാറ്റുന്നതിനും മാറ്റാതിരിക്കുന്നതിനും അവിടെ കോഴവാങ്ങും. സ്ഥലംമാറ്റ ഭീഷണിയിലൂടെ പണം പിരിക്കുന്നതിനായി പുതിയ കോർപ്പറേറ്റ് മാനേജുമെന്റുകൾതന്നെ അടുത്ത കാലത്ത് തട്ടിക്കൂട്ടിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ കാര്യത്തിൽ, മെറിറ്റിൽ അഡ്മിഷൻ ലഭിക്കേണ്ടവരിൽ നിന്നും മാനേജുമെന്റുകൾ പണംവാങ്ങുന്നുണ്ട്. മാനേജുമെന്റ് സീറ്റിന്റെകാര്യം പറയാനുമില്ല. വിദ്യാർത്ഥികളിൽനിന്നും നടത്തുന്ന ഈ നിർബന്ധിതപ്പിരിവിന് മുൻകൈ എടുക്കുന്നത് മാനേജുമെന്റിന്റെ കുഞ്ഞാടുകളായ ചില പ്രിൻസിപ്പലൻമാരാണ്. വിദ്യാർത്ഥികളേയും രക്ഷാകർത്താക്കളേയും കബളിപ്പിക്കത്തക്കതരത്തിൽ, ആകർഷണീയമായ ചില പരിപാടികൾ അവതരിപ്പിച്ചുകൊണ്ടായിരിക്കും ഇത്തരം പിരിവിന് പ്രിൻസിപ്പലന്മാർ കളമൊരുക്കുന്നത്. ആഡിറ്റോറിയം, സ്റ്റേഡിയം, പുതിയ കോഴ്സ്—ഇതൊക്കെയാണ് മാനേജർക്കു കീശവീർപ്പിക്കുന്ന പിരിവിനുള്ള മറ. ഈ പിരിവുകൾക്കുപുറമേ, സർക്കാരിൽ നിന്നും ഗ്രാൻറായികിട്ടുന്ന തുകയും മാനേജരുടെ വരുമാനമാണ്. ഗ്രാൻറിന്റെ ഒരംശം പോലും കോളേജിൽ ചെലവാക്കാറില്ല. യു. ജി. സി. യിൽ നിന്നുംമറ്റും കിട്ടുന്ന ധനസഹായത്തിന്റെ നല്ലൊരുഭാഗവും മാനേജരുടെ കീശയിലാണ് എത്തിച്ചേരുക.

വിദ്യാഭ്യാസരംഗത്തു നടക്കുന്ന ഈ പകൽക്കൊള്ള അവസാനിപ്പിക്കാൻ എല്ലാവരുടേയും ഒത്തൊരുമിച്ചുള്ള പ്രവർത്തനം അത്യന്താപേക്ഷിതമായിരിക്കയാണ്. വിദ്യാഭ്യാസ രംഗത്തു പ്രവർത്തിയ്ക്കുന്ന സംഘടിത പ്രസ്ഥാനങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ രംഗത്തു വരേണ്ടതുണ്ട്. അഴിമതിപൂർണ്ണമായി നശിപ്പിക്കുവാൻ ഒരുപക്ഷേ ഈ സാമൂഹ്യവ്യവസ്ഥയുടെ പ്രത്യേകതകൊണ്ട് കഴിഞ്ഞില്ലെന്നുവരാം. എന്നാൽ അതിനെ ഒരുപരിധിവരെ തടഞ്ഞുനിർത്താൻ നമുക്കു കഴിയും. അധ്യാപക അനധ്യാപക—വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ ഇതിനുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കണം. ഓരോ കോളേജിലും, നിയമനങ്ങളിലും വിദ്യാർത്ഥിപ്രവേശനത്തിലും നടക്കുന്ന അഴിമതികളെ ചെറുക്കാൻ രക്ഷാകർത്തൃ സംഘടനയും മുന്നോട്ടുവരണം. വിദ്യാഭ്യാസത്തിന്റെ അന്തസ്സുകെടുത്തുന്ന പ്രവർത്തികൾ ചെയ്യുന്ന മാനേജർക്ക് നമ്മുടെ നാട്ടിലെ വിദ്യാഭ്യാസം എങ്ങനെ ആയിത്തീർന്നാലും ഒന്നുമില്ല. പക്ഷേ ഈ നാടിനെ സ്നേഹിക്കുന്നവർക്ക് അഴിമതിയുടെ നീരാളിപ്പിടിത്തത്തിൽനിന്നും വിദ്യാഭ്യാസത്തെ മോചിപ്പിക്കേണ്ടതുണ്ട്, അതിനുള്ള ബാധ്യത ഏറ്റെടുക്കാൻ ഇന്നാട്ടിലെ എല്ലാ പുരോഗമന പ്രസ്ഥാനങ്ങളെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

കേരള പ്രൈവറ്റ് കോളേജ് ടീച്ചർ ☐ പത്രാധിപസമിതി: വി. നാരായണൻകുട്ടി ☐ ജി. മാധവൻ നായർ ☐ എൻ. ഭാർഗവൻ ☐ എം. ആർ. ചന്ദ്രശേഖരൻ ☐ പി. രവീന്ദ്രനാഥ് ☐ വി. എൻ. മുരളി.

# ഏൺഡ് ലീവ്

— ഏൺഡ്ലീവിനുവേണ്ടിയുള്ള സമരം
— എന്തുകൊണ്ട് ഏൺഡ്ലീവ് ?
— ഏൺഡ്ലീവ് കണക്കാക്കുന്നതെങ്ങനെ ?

കഴിഞ്ഞ അധ്യയന വർഷാവസാനത്തിൽ, കോളേജധ്യാപക സംഘടനകളുടെ സമരസമിതിയുടെ നേതൃത്വത്തിൽ നമ്മുടെ സംഘടന നടത്തിയ. ഐതിഹാസികവും സുദീർഘവുമായ സമരത്തിൽ നാം ഉന്നയിച്ച എട്ട ഡിമാൻറുകളിൽ ഒന്നായിരുന്നുവല്ലോ വെക്കേഷൻകാലത്തെ പരീക്ഷാ ജോലിയ്ക്ക് ഏൺഡ്ലീവ് ആനുകൂല്യം. ഇതൊരു പുതിയ ഡിമാൻറായിരുന്നില്ല. അഞ്ചാറു വർഷങ്ങളായി നമ്മുടെ സംഘടനയുടെ സ്റേററ് കൗൺസിൽയോഗങ്ങളിൽ ഈ ഡിമാൻറ് ഉയർന്നുവരികയും ഇതു നേടിയെടുക്കുമെന്നുള്ള ദൃഢനിശ്ചയം നാം പ്രമേയങ്ങളിലൂടെ പ്രകടിപ്പിക്കുകയും ചെയ്തു. നമ്മുടെ പത്തും പതിനൊന്നും


പ്രൊഫ. വി. നാരായണൻകുട്ടി

പ്രസിഡൻറ്

എ. കെ. പി. സി. ടി. എ.


കൺവൻഷനുകൾ അംഗീകരിച്ച അവകാശപത്രികകളിൽ ഈ ഡിമാൻറ് ആവർത്തിക്കപ്പെട്ടിട്ടുണ്ട്. കേന്ദ്രീകൃതവാലേഷൻ ക്യാമ്പുകളിൽ നിന്നും നമ്മുടെ സംഘടന മുൻകൈ എടുത്ത് അയച്ച ഭീമഹർജികളിൽ ഈ ഡിമാൻറ് വീണ്ടും വീണ്ടും ഉന്നയിക്കപ്പെട്ടിരുന്നു. എന്നാൽ സർക്കാർ നിരന്തരം ഇത് അസ്വീകാര്യം എന്നു പറഞ്ഞ് തള്ളുകയാണുണ്ടായത്.

നമ്മുടെ അനിശ്ചിതകാല പണിമുടക്ക് എല്ലാവരുടേയും കണക്കുകൂട്ടലുകളെ തെററിച്ചുകൊണ്ട് സുശക്തവും മിക്കവാറും പരിപൂർണവും ആയി മുന്നേറിയപ്പോൾ സർക്കാരിന് നിലപാട് മാറേറണ്ടിവന്നു. അങ്ങനെ മെയ് 14–ാം തീയതി സർക്കാർ ഇതു സംബന്ധിച്ചിറക്കിയ ഓർഡർ നമ്മുടെ ഡിമാൻറിനെ ഭാഗികമായി അംഗീകരിച്ച. പ്രാക്ടിക്കൽ, വാലേഷൻ എന്നിവയുൾപ്പെടെ എല്ലാത്തരം പരീക്ഷാ ജോലികൾക്കുമാണ് നാം ഏൺഡ് ലീവ് ആവശ്യപ്പെട്ടിരുന്നത്. സമരത്തിനു മുമ്പും സമരകാലത്തും സർക്കാരുമായുണ്ടായ എല്ലാ ചർച്ചകളിലും നാം ആവശ്യപ്പെട്ടതും അതുതന്നെ ആയിരുന്നു. എന്നാൽ ഇപ്പോഴത്തെ ഉത്തരവനുസരിച്ച് പരീക്ഷയുടെ നടത്തിപ്പിനുള്ള ചീഫ് സൂപ്രണ്ട്, അഡീഷണൽ ചീഫ്സൂപ്രണ്ട്, സീനിയർ അസിസ്ററൻറ് സൂപ്രണ്ട്, അസിസ്ററൻറ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവർക്കു മാത്രമാണ് ഏൺഡ്ലിവിൻെറ ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. സ്ക്കൂളധ്യാപകർക്ക് ഇക്കാര്യത്തിൽ നിലവിലുള്ള ആനുകൂല്യം നമുക്കും ലഭിക്കുകയാണു ചെയ്തിട്ടുള്ളത്. (സ്കൂൾ അധ്യാപകർക്ക് ഈ ആനുകൂല്യം നിലവിലുണ്ടെങ്കിലും, വെക്കേഷനു മുമ്പ് പരീക്ഷ കഴിയുന്നതുകൊണ്ട് ഫലത്തിൽ ലഭിക്കുന്നില്ലെന്നു പറയാം) ഈ ആനുകൂല്യം വെക്കേഷൻ കാലത്തു നടത്തപ്പെടുന്ന എല്ലാ ത്തരം പരീക്ഷാ ജോലികൾക്കും ലഭ്യമാക്കാനുള്ള പ്രക്ഷോഭണം സംഘടന തുടരുമെന്ന് വ്യക്തമാക്കിക്കൊള്ളട്ടെ. പ്രാക്ടിക്കൽ പരീക്ഷ, കേന്ദ്രീകൃതവാലേഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട പരീക്ഷാ ജോലികൾക്കും ഈ ആനുകൂല്യം നിഷേധിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ലെന്നത് വ്യക്തം.

(ശേഷം 21–ാം പേജിൽ)

# status and working condition of indian teachers

## Introduction

1. India is a country of ancient civilisation and we find mention of teachers in the oldest of Vedic literature dating back to 3 000 B. C. Yet the school as a social organisation and the teacher as a salaried professional are comparatively new in our country. Ancient Indian school grew generally around a single teacher, who often was not only a scholar but also a religious preceptor. These one-teacher schools were normally located at the residence of the teacher. Hence a synonym of the school was the house of the teacher. The teacher usually did not charge the pupil any fees. The teacher maintained himself and his family out of donations made by the king and other rich people or the community. The teacher enjoyed the highest status in the society. However, his material condition was usually not very satisfactory. Plain living and high thinking were the rule.

2 During the period when Buddhism flourished in India there arose however some giant seats of learning which in modern terminology might be termed universities Texila, Nalanda and Vikramshila are some such institutions where number of students went into thousands and the number of teachers also was expectedly quite high. But with the decline of Buddhism these Universities suffered inevitable death.

3. Thus Indian education functioned atomistically around a teacher be it in Sanskrit or in Arabic or Persian. Even today a large number of institutions of oriental learning are conducted in the old pattern with only one teacher who enjoys some paltry government grant.

4. Present day education system of India is the product of British Raj. The British colonialists set up schools to start with for the British administraters to learn Indian languages and through them Indian laws and jurisprudence. Later on they started some Anglo-vernacular schools to educate some loyal Indian servants. However, education percolated further and the need for higher learning also had to be met. The first Indian universities were set up in 1857 in Calcutta, Bombay and Madras. Education was left mainly to the private initiative with the few government institutions setting the standard. Teachers were now salaried people. However, in privte institutions there was no standard for salaries or for work-load. It was a typical laissez-faire system in operation. The introduction of typical colonial system of education was the purpose of British rule. As opposed to this, there was a propular demand for introduction of an educational system that will inspire pupils with patriotism. Peoples' urge for scientific and demorcratic education system was always there.

5. From the advent of British rule through the struggle for liberation and its achievement upto present day, Indian education system has witnessed major changes. There has been phenomenal

growth in terms of all types of educational institutions, enrolment of students, number of teachers, types of management. the material and social status of teachers and their organisations and course-content of education.

6. As a matter of policy the colonial British rulers decided that eductation was the basic responsibility of the people and the Government would encourage the people by giving some aid to the educational institutions they start. For the English children living in India, some English medium expensive public schools were started and the few Government schools were started for the Children of the Government employees.

This policy is pursued in India even to-day. i.e. providing education to every child is not considered to be the basic responsibility of the Government. Government is dependent on the philanthropy or charity of the people and encourages spread of education by the people by giving grants-in-aid i.e, bears a portion of the expenditure of the institutions. There are a few Government institutions and few English medium elitist institutions. Naturally this policy resulted in bringing private and vested interest into management of educational institutions and this continues till to-day. A large number of educational institutions in all sectors are under the private management and the relationship between the teachers and the management is master-servant relationship. The economic and social status of the vast majority of teachers in India, their working and service conditions, student-teacher ratio etc. are dependent on this factor. These institutions are called aided and private institutions.

## PRESENT STRUCTURE.

7. Customarily our educational institutions are grouped into three main categories : primary schools, secondary schools and colleges and universities. Similarly teachers are also categorised at these three levels : primary teachers, secondary teachers and college and university teachers. Even teachers' organisations are usually formed in these lines. However, such categorisation is neither exclusive nor exhaustive. There are many schools for example which are composite in nature i.e. eduction is imparted from primary to secondary level. A teacher in such a school may simultaneously teach in primary and secondary schools.

8. There are pre-primary schools (although indequate compared to the need), creches, nursery-schools, and kinder-gartens. Status and working conditions of teachers in these institutions vary from other schools and at the same time very among themselves depending upon the nature of management and organisation of teachers. At present in urban areas there has been a mushroom growth of such schools and the staff there are ill-paid and have no job security or proper service rules. Teachers of such institutions are not well organised. Often they fear to be even members of teachers' unions.

9. There are also the polytechnics and Industrial Training Institutes which constitute a separate category of educational institutions. There are also various other types of institutions mainly at the level of higher education which are predominantly research-oriented or

(......Contd. Page 20)


# ആദരാഞ്ജലികൾ

## പ്രൊഫസർ ജയാരാജൻ



ചെമ്പഴന്തി ശ്രീനാരായണാകോളേജിലെ പൊളിററിക്സ് വിഭാഗത്തിൽ പ്രൊഫസറായിരുന്ന ശ്രീമതി ജയാരാജൻ കഴിഞ്ഞ ഏപ്രിൽ 6–ാംനു- വെളുപ്പിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽവച്ച് അന്തരിച്ചു. എക്കാലവും എ. കെ. പി. സി. ടി എ. യിൽ അടിപതറാതെ നിൽക്കുകയും ചെമ്പഴന്തി യൂണിററിനു നേതൃത്വം നൽകുകയും ചെയ്തിട്ടുള്ള പ്രൊഫസ്സർ ജയാരാജൻ പ്രകടിപ്പിച്ചിട്ടുള്ള സംഘടനാബോധം ഉദാരമാണ്. ഇക്കഴിഞ്ഞ സമരകാലത്തും, രോഗഗ്രസ്തയായിരുന്നിട്ടും ശാരീരികാസ്വാസ്ഥ്യങ്ങൾ വകവയ്ക്കാതെ, പ്രചാരണപ്രവർത്തനങ്ങളുടേയും സമരപരിപാടികളുടേയും മുൻനിരയിലുണ്ടായിരുന്നു പ്രൊഫസ്സർ ജയാരാജൻ. മനുഷ്യസ്നേഹത്തിൻെറയും വർഗബോധത്തിൻെറയും മഹനീയമാതൃകയായിരുന്നു അവർ. ധന്യമായ ആ മാതൃകാജീവിതത്തിനുമുമ്പിൽ എ കെ. പി. സി. ടി. എ. ആദരാജ്ഞലികൾ അർപ്പിക്കുന്നു. ധർമ്മപത്നിയുടെ അഭാവത്തിൽ മനംനൊന്തു ദുഃഖിക്കുന്ന ഡാ: രാജൻെറയും, അമ്മയുടെ വേർപാടിൽ വേദനിക്കുന്ന നാലുകുഞ്ഞുങ്ങളുടേയും തീരാദുഃഖത്തിൽ ഏ. കെ. പി. സി. ടി. എ. യും പങ്കുചേരുന്നു.

## എം. ഐ. ഡേവിസ്



ഇരിങ്ങാലക്കുട ക്രൈസ്ററ് കോളേജിലെ ഹിന്ദി അധ്യാപകനായിരുന്ന എം. കെ. ഡേവിസ് (42) ജൂൺ 3–ാം തീയതി അന്തരിച്ചു. എ. കെ. പി. സി. ടി. എ. യുടെ ശക്തനായ പ്രവർത്തകനായിരുന്നു അദ്ദേഹം.

ശ്രീ ഡേവിസ് 1967 മുതൽ ക്രൈസ്ററ്കോളേജിലെ അധ്യാപകനാണ്. അതിനുമുമ്പ് കുറച്ചുകാലം സെൻറ് തോമസ് സ്ക്കൂളിൽ ജോലിനോക്കിയിരുന്നു. ഇംഗ്ലീഷിലും അദ്ദേഹം എം. എ. ബിരുദം നേടിയിരുന്നു.

ശ്രീ ഡേവിസിന് മൂന്നുകുട്ടികളുണ്ട്. ഭാര്യ സ്ക്കൂളധ്യാപികയാണ്.

ശ്രീ. ഡേവിസിൻെറ വേർപാടിൽ എ. കെ. പി. സി. ടി. എ യ്ക്കുള്ള ദുഃഖം രേഖപ്പെടുത്തുന്നു.

## ഷിഫ്ററ് വേക്കൻസികളിൽ ജോലിചെയ്യുന്ന അധ്യാപകരുടെ ശമ്പളം തടഞ്ഞതിനെതിരേ

# ധർണ്ണ


ഷിഫ്ററ് വേക്കൻസികളിൽ ജോലി ചെയ്യുന്ന നൂറുകണക്കിന് പ്രൈവററ് കോളേജധ്യാപകരുടെ (ഇവരിൽ പലരും പത്തും പതിനഞ്ചും വർഷം സർവ്വീസുള്ളവരാണ്) അവധിക്കാല ശമ്പളം നിയമവിരുദ്ധമായി തടഞ്ഞുവച്ചതിനെതിരേ എ. കെ. പി. സി. ടി. എ യുടെ നേതൃത്വത്തിൽ കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറാഫീസിനു മുമ്പിൽ ജൂൺ 27ന് അധ്യാപകർ കൂട്ടധർണ നടത്തി. നാനൂറോളം അധ്യാപകർ ധർണ്ണയിൽ പങ്കെടുത്തിരുന്നു,

എ. കെ. പി. സി. ടി. എ. പ്രസിഡൻറ് പ്രൊഫ. വി. നാരായണൻകുട്ടി ധർണ്ണ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ജി. മാധവൻ നായർ, പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ, ശ്രീ. ഗോപിനാഥ് (കെ. പി. സി. എം. എസ്. എഫ്.) ദാമോദരൻ (എസ്. എഫ്. ഐ) വിജയൻ (എൻ. ജി. ഒ. യൂണിയൻ) കെ. ജി. രാമൻ (എൻ. എഫ്. പി. ടി. ഇ) മാഞ്ചന്ത് (എൽ. ഐ. സി. ഇ. എ) മുത്തോർ മാസ്ററർ (കെ. ജി. ടി. എ.) കൃഷ്ണൻകുട്ടി (എ. കെ. ജി. സി. ടി.) തുടങ്ങിയവർ ധർണയെ അഭിസംബോധനചെയ്ത് സംസാരിച്ചു.

എ. കെ. പി. സി. ടി. എ. സെക്രട്ടറി തോളൂർ ശശിധരൻ സ്വാഗതവും, ജില്ലാ പ്രസിഡൻറ് പ്രൊഫ. പി. വി. ചന്ദ്രമോഹനൻ കൃതജ്ഞതയും പറഞ്ഞു. □

---

## പ്രൊഫ. പി. കെ. മാത്യു നിര്യാതനായി



ഇരിങ്ങാലക്കുട ക്രൈസ്ററ് കോളേജിൽ കെമിസ്ട്രി പ്രൊഫസറായിരുന്ന പ്രൊഫ. പി. കെ. മാത്യു (54) ജൂലൈ രണ്ടാം തീയതി അന്തരിച്ചു.

എ. കെ. പി. സി. ടി. എ. യുടെ സജീവപ്രവർത്തകനായിരുന്നു പ്രൊഫ. മാത്യു. ഫെറൂക് കോളേജിൽ പ്രാക്ടിക്കൽ എക്സാമിനേഷൻ നടത്തുന്നതിനായി എത്തിയ അദ്ദേഹം യൂന്നിവേഴ്സിററി ഗസ്ററ് ഹൗസിൽ താമസിക്കുമ്പോഴാണ് പെട്ടെന്ന് ഹൃദ്രോഗബാധയുണ്ടായത്. രണ്ടാം തീയതി വെളുപ്പിന് നാലുമണിക്ക് അദ്ദേഹം അന്തരിച്ചു

1967 ലാണ് പ്രൊഫ. മാത്യു ക്രൈസ്ററ് കോളേജിൽ അധ്യാപകനായത്. അതിനുമുമ്പ് ജബൽപ്പൂർ സെൻറ് അലോഷ്യസ് കോളേജിൽ ജോലിനോക്കിയിരുന്നു.

പ്രൊഫ. മാത്യുവിനു് ഭാര്യയും നാലു കുട്ടികളുമുണ്ട്. കുടുംബത്തിൻെറ ദുഃഖത്തിൽ സംഘടനയും പങ്കുചേരുന്നു.

# UNIVERSITY OF KERALA

## (A B S T R A C T)

Revision of rates of remuneration to examiners for valuation work for various University Examinations - Sanctioned – Orders issued –

EXAMINATIONS 'C II' SECTION

No. EC. II (i) 1 - 1618/80. Trivandrum, dated, 27-4-1981.

Read: Item No. 9 of the minutes of the meeting of the Syndicate held on 25-3-1981.

## O R D E R

The Syndicate at its meeting held on 25-3-1981 considered the recommendations of the Special committee constituted on 5-1-1981 by the Inter University Consultative Committee to examine the question of enhancement of the rates of remuneration payable to the staff of the University and affiliated colleges for University Examination work and resolved that the revised rates of remuneration as recommended by the Special Committee be accepted for implementation in the University w. e. f. 1-4-1981.

Accordingly, sanction has been accorded to revise as given below the rates of remuneration payable to Examiners for the different examinations of the University.

| Name of Examination | Nature of work | Rates |
|---|---|---|
| 1. Pre–degree | Valuation of Answer books | 3 Hours - Rs. 1·65<br>2½ Hours - Rs. 1·40<br>2 Hours - Rs. 1·10<br>less than<br>2 Hours - Rs. 1·00 |
| | Practicals (3 Hours duration) | |
| | (a) Prescribing the work for each examination, separately arranged, irrespective of the total number of examiners engaged. | Rs. 20/–per batch |

| | |
|---|---|
| NOTE: For this purpose the same examinations which are conducted in different centres simultaneously either in the forenoon or in the afternoon will be considered as one batch for the forenoon and as another batch for the afternoon. | |
| (b) Preparing for the examination. | 35 paise per candidate registered. |
| (c) Conducting, superintending and judging the merit of the candidates. | 80 paise per candidate actually present. |
| (d) Valuing Laboratory Records | 50 paise per candidate |

<u>Practicals (1½ hours duration)</u>

| | |
|---|---|
| (a) Prescribing the work for each examination, separately arranged, irrespective of the total number of examiners engaged. | Rs. 12.50 per batch |
| NOTE: For this purpose the same examinations which are conducted in different centres simultaneously either in the forenoon or in the afternoon will be considered as one batch for the forenoon and as another batch for the afternoon. | |
| (b) Preparing for the examination | 13 paise per candidate registered. |
| (c) Conducting, superintending and judging the merit of the candidate. | 45 paise per candidate registered. |
| (d) Valuing Laboratory Records. | 50 paise per candidate. |

<u>Music :</u>

| | |
|---|---|
| Prescribing, preparing and conducting | Rs. 1·50 per candidate subject to a minimum of Rs. 12·50 |



(......*Contd. Page 15*)

## AIFUCTO meets Association of Indian Universities (AIU)

Association of Indian Universities (AIU) held its 56th annual conference at Osmania University, Hydrabad on 31st January and Ist Feb '81. AIFUCTO submitted memorandum to the AIU seeking its support and co-operation for its national Charter of Demands. A meeting was held on 31. 1. 81 at 5p m. at the committee room of Osmania University Guest-House between representatives of the Organisations. A I F UCTO was represented by its President M. J. Manikya Rao, Vice President Dr K Dwarakanath (Karnataka), General Secretary Mrinmoy Bhattacharyya, Zonal Secretary C Ramaiah, President and Secretary of Telengana affliated College Teachers' Association Mr. Vasantha and S V N Reddy respectively, President and Secretary of Telengana Govt. College Teachers' Association, Kamalamanohar and S. Narayana respectively, and President and Secertary (office& Publications) of Affiliated College Teachers' Association (Andhra), Rajagopal and P. Bhaskara Rao respectively. AIU was represented by its President Dr. R R. Mukherjee, Vice-Chancellor, Burdwan University, Secretary Dr. Amit Singh and other Vice-Chancellors, who were members of the AIU standing Commitee including Dr. M. M. Chakraborty, Vice-Chancellor, Jadavpur University and former President of AIFUCTO.

At the very beginning of the meeting the General Secretary underlined the mutually complementary characters of the two organisations AIU and AIFUCTO and expressed the hope that in future the two organisations would come closer through mutual co-operation in each other's programme. This sentiment was reciprocated. AIFUCTO representatives then explained the major issues in the memorandum and a general discussion followed. AIU representatives expressed their agreement with and support for most of the points raised by AIFUCTO Federation of Andhra College Teachers' Associations (FACTA) invited all the Vice-Chancellors for an "At Home" the same day in the evening.

### Andhra Pradesh

College Teachers' Movement has achieved significant victory as a result of a judgement by the Division Bench of Andhra High Court. The State Government of A. P. initially had agreed to grant Rs. 700—1600 scale also to all lecturers in degree colleges appointed for +2 stages. However the same order was subsequently rescinded by the Government. FACTA challenged this rescinding order of the A. P. Government in High court and the judgement of the High court went in favour of the teachers. A. P State Government appealed against the said judgement and its appeal now has been rejected by the Division Bench. It apears that the A. P. Government will be reconciled with the judgement of the Division Bench and hence all the so-called 'Junior Lecturers' will now become Lecturers enjoying the same 700–1600 scales of pay with retrospective effect. It is to be noted in this context that the teachers' organisations had to invest a lot of money, time and energy in contesting this case. It is hoped that this award of A. P. High Court will have repercussion in other states as well.

(Teachers' Movement)

## ബഡ്ജററിൻെറ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എ. കെ. പി. സി. ടി. എ. പ്രതിനിധികൾ നടത്തിയ പ്രസംഗങ്ങൾ

[കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച]

### പ്രൊഫ. എൻ. എം. ജോസഫ്:-

അഴിമതി കൊടികുത്തിവാഴുന്ന ഈ യൂണിവേഴ്സിററിയിൽ, ഇവിടുത്തെ മൂത്രപ്പുരകളിൽ ലോഷൻ തളിക്കാൻപോലും ശ്രദ്ധിക്കുന്നില്ലെന്ന് ഇവിടെ പറഞ്ഞുകേട്ടു. ഇവിടെ ലോഷൻ തളിക്കേണ്ടത് മൂത്രപ്പുരകളിലല്ല, അഴിമതിയുടെ പര്യായങ്ങളായിമാറിക്കഴിഞ്ഞിരിക്കുന്ന ഇവിടുത്തെ ചില ഉദ്യോഗസ്ഥൻമാരുടെ പുറത്താണ്. അഴിമതിയുടെ ഈ ദുർഗന്ധം അസഹ്യമായിത്തീർന്നിരിക്കുന്നു. അതിനൊരു പ്രതിവിധിയായി വർത്തിക്കാൻ ഈ ബഡ്ജററ് ഉതകട്ടെ എന്നാശിക്കുന്നു. ബഡ്ജററിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളോടും യോജിക്കുന്നു. സാമൂഹ്യ പരിവർത്തനത്തിനും സാമ്പത്തിക വികസനത്തിനും ഉതകുന്നവിധത്തിൽ ഗവേഷണങ്ങൾ തിരിച്ചുവിടണം. സ്റ്റഡിസെൻററുകൾക്കും, സ്പോർട്സിനും അനുവദിച്ച തുക തീരെ അപര്യാപ്തമായിപ്പോയി. 14000 രൂപയാണ് കാര്യവട്ടം ഗസ്ററ്ഹൗസിൽ ചെലവാക്കിയത്. വരവ് കേവലം 2500 രൂപമാത്രം. യൂണിവേഴ്സിററി ഗസ്റ്റ് ഹൗസിൻെറ വരവ് ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടേയില്ല. എന്താ അവിടമൊക്കെ ഗ്രീസിൽബന്തികൾക്കായി തുറന്നു കൊടുത്തിരിക്കയാണോ? അഴിമതിക്ക് ഇതിൽ ഏറെ തെളിവെന്തിന് ? M A, M Sc. അഡ്മിഷനുകൾക്ക് നിയമങ്ങളിൽ വളരെയേറെ വെള്ളംചേർത്തതായി കാണുന്നു. പാരലൽകോളേജുകൾ നടത്തുന്ന പല മുതലാളിമാരും യൂണിവേഴ്സിററിയെ അവിഹിതമായി സ്വാധീനിച്ചതിൻെറ ഫലമാണിതെന്ന് യൂണിവേഴ്സിററി എംപ്ളോയീസ് അസോസിയേഷൻെറ പ്രസിദ്ധീകരണങ്ങളിൽ തന്നെ കാണുന്നു.

### പ്രൊഫ. പി. രവീന്ദ്രനാഥ്:-

ബഡ്ജററിനെ പൊതുവേ സ്വാഗതംചെയ്യുന്നു. പൊതുവായ സമീപനത്തിൻെറ കാര്യത്തിൽ ഈ ബഡ്ജററ് മുൻകാല ബഡ്ജററുകളേക്കാൾ മെച്ചപ്പെട്ടതാണെന്നുപറയാം. ജനങ്ങളുടെ പ്രശ്നങ്ങളുമായി ബഡ്ജററിനെ ബന്ധിപ്പിക്കുന്നതു നല്ലതാണ്. സർവകലാശാല ആരംഭിക്കാനിരിക്കുന്ന ശ്രീനാരായണ ഇൻസ്റ്റിട്യൂട്ടിലെ ഗവേഷണം സാമൂഹ്യശാസ്ത്രവകുപ്പുകളുമായി ബന്ധപ്പെട്ടുനടത്തണം. സർവകലാശാലയുടെ വികസനത്തിനായി കാര്യമായ നിർദ്ദേശങ്ങൾ ഇതിലില്ല. അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സൗകര്യം മുൻനിർത്തി, ഒരു മൊബൈൽ ലൈബ്രറി ആരംഭിക്കണം. സെൻട്ര

കേരള യൂണി

ബഡ്ജ

മാ

ബഡ്ജററ് പ്രസംഗങ്ങൾ

ലൈസ്ഡ് വാലുവേഷൻ ഫലപ്രദമെന്ന് യൂണിവേഴ്സിററി സമ്മതിക്കുന്നുണ്ട്. എന്നാൽ BA, B. Sc. പരീക്ഷകൾക്ക് അതുവേണ്ടെന്നു തീരുമാനിക്കയും ചെയ്തിരിക്കുന്നു. ഇതു ശരിയല്ല. കൂടുതൽ പണച്ചെലവുണ്ടെങ്കിലും എല്ലാ പരീക്ഷകൾക്കും സെൻട്രലൈസ്ഡ് വാലുവേഷൻ സ്വീകരിക്കണം.

**ആർ. രമേശൻനായർ.:-** നാട്ടിൻെറ വികസനങ്ങളുമായി ഗവേഷണങ്ങളെ ബന്ധപ്പെടുത്തുക എന്നതുവഴി മററു യൂണിവേഴ്സിററികളും ഈ യൂണിവേഴ്സിററിതന്നെയും നാളിതുവരെ ചെയ്യാൻ അറച്ചുനിന്ന നല്ലൊരുകാര്യം ഇപ്പോഴെങ്കിലും ചെയ്യുവാൻ യൂണിവേഴ്സി

ററി ധൈര്യം കാട്ടിയിരിക്കുന്നു. പക്ഷേ ഗവേഷണകാര്യത്തിൽ സോഷ്യൽ സയൻസുകൾക്കുമാത്രമാണു പ്രാധാന്യം കൊടുത്തിരിക്കുന്നത്. എനർജി സ്ററഡീസിനും പ്രാധാന്യം നൽകണം. മററു സംസ്ഥാനങ്ങളിൽ സർക്കാരിലൂടെ സ്ക്കോളർഷിപ്പുകൾ കൊടുക്കമ്പോൾ, ഇവിടെ അതും ഏറെറടുക്കുവാൻ യൂണിവേഴ്സിററി മുന്നോട്ടുവന്നു. അധ്യാപകർക്ക് ഇൻസർവീസ് കോഴ്സ് നൽകുന്ന കാര്യത്തിൽ തികഞ്ഞ അനാസ്ഥ ഇന്നും യൂണിവേഴ്സിററിക്കുണ്ട്. അവരുടെ ഒരു പ്രശ്നവും ഗൗരവമായി കാണാൻ മിനക്കെടുന്നില്ല. ആട്ടോണമസ് കോളേജിന്റെ കാര്യം പറഞ്ഞുകേട്ടു. ആകർഷകമായ മുദ്രാവാക്യങ്ങളും

ിററി സെനററ്

മ്മേളനം

27

ത്തരങ്ങൾ — പ്രമേയങ്ങൾ

സാധ്യതകളും ആട്ടോണമസിനുവേണ്ടി വാദിക്കുന്നവർ നിരത്തും. പക്ഷേ, ലക്ഷ്യം സ്ഥാപിത താൽപര്യ സംരക്ഷണം മാത്രമാണെന്നു മറക്കരുത്. നമ്മുടെ യൂണിവേഴ്സിററിസെൻററുകൾ തന്നെ കാര്യക്ഷമമാക്കിയാൽ ആട്ടോണമസ് കോളേജ് കൊണ്ടുദ്ദേശിക്കുന്ന നല്ല കാര്യങ്ങൾ നടത്തുവാൻ യാതൊരു പ്രയാസവുമില്ല.

# ചോദ്യോത്തരങ്ങൾ

## പ്രതിഫലം വർദ്ധിപ്പിയ്ക്കും

സർവകലാശാലാ പരീക്ഷകളുമായി ബന്ധപ്പെട്ട ജോലികൾക്കുള്ള പ്രതിഫല നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ എടുത്തുകഴിഞ്ഞതായി പി. രവീന്ദ്രനാഥ്, പി. നരേന്ദ്രൻ, എൻ. എം. ജോസഫ് എന്നിവരുടെ ചോദ്യങ്ങൾക്ക് മറുപടിയായി യൂണിവേഴ്സിററി അറിയിച്ചു.

## ഓട്ടോണമസ് കോളേജുകൾ

ഓട്ടോണമസ് കോളേജുകൾ സ്ഥാപിക്കുക എന്ന യു. ജി. സി. നിർദ്ദേശം സിൻഡിക്കേററിന്റെ പരിഗണനയിലുണ്ടെന്നും എന്നാൽ ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ലെന്നും പി. നരേന്ദ്രന്റെയും, പി. രവീന്ദ്രനാഥിന്റെയും ചോദ്യങ്ങൾക്ക് മറുപടിയായി അറിയിച്ചു. തമിഴ് നാട്ടിലുള്ള യൂണിവേർസിററികളിലെ ഓട്ടോണമസ് കോളേജുകളുടെ പ്രവർത്തനത്തെപ്പററി പഠിക്കുന്നതിന് ഒരു സ്പെഷ്യൽ കമ്മിററിയെ നിയമിച്ചിട്ടുണ്ടെന്നും അറിയിയ്ക്കയുണ്ടായി.

## എഫ്. ഐ. പി.

യു. ജി. സി. യുടെ എഫ്. ഐ. പി. അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അധ്യാപകർക്ക് ശമ്പളവും ലിവിംഗ് എക്സ്പെൻസും യഥാസമയം ലഭിക്കുന്നില്ലെന്ന വസ്തുത യൂണിവേർസിററിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ആർ. രമേശൻനായരെ യൂണിവേർസിററി അറിയിച്ചു.

## കോളേജു കാമ്പസിൽ പാരലൽ കോളേജുകൾ

എൻ. എം. ജോസഫിന്റെ ഒരു ചോദ്യത്തിനു മറുപടിയായി, കേരളസർവ്വകലാശാലയുടെ കീഴിലുള്ള ചില കോളേജുകളുടെ കാമ്പസിനുള്ളിൽ 'പാരലൽ' കോളേജുകൾ നടക്കുന്നതായി യൂണിവേർസിററിയ്ക്ക് പരാതി ലഭിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പലിനോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കയാണെന്നും അറിയിച്ചു.

## 'അപ്രൂവൽ'

അധ്യാപക നിയമനങ്ങളുടെ അപ്രൂവൽ നൽന്നതിനുള്ള നടപടികൾ ലഘൂകരിച്ചിട്ടുണ്ടെന്നും, കൂടുതൽ സ്റ്റാഫിനെ ബന്ധപ്പെട്ട സെക്ഷനു നൽകിയിട്ടുണ്ടെന്നും എൻ. എം. ജോസഫ്, പി. നരേന്ദ്രൻ, ആർ രമേശൻ നായർ എന്നിവരെ അറിയിച്ചു.

## സ്ഥലംമാററം

പ്രൈവററ് കോളേജധ്യാപകരുടെ സ്ഥലംമാററപ്രശ്നത്തെക്കുറിച്ച് കഴിഞ്ഞ സെനററ് ഏകകണ്ഠേന പാസാക്കിയ പ്രമേയം ഗവൺമെൻററിനയച്ചുകൊടുത്തിട്ടുണ്ടെന്നും, സർക്കാരിൻെറ മറുപടി കിട്ടിയശേഷം മാത്രമേ മാനേജുമെൻറുകൾക്ക് നിർദ്ദേശം നൽകുകയുള്ളൂ എന്നും ആർ. രമേശൻനായരെ അറിയിച്ചു.

# പ്രമേയങ്ങൾ

## പി. നരേന്ദ്രൻ

കേരള സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ടീച്ചിംഗ് ആൻറ് റിസർച്ച് ഡിപ്പാർട്ടുമെൻറുകളിൽ അധ്യനഭാരത്തിൻെറ അടിസ്ഥാനത്തിൽ അദ്ധ്യാപക തസ്തികകൾ നിർണ്ണയിക്കുന്നതിനായി യുക്തിസഹമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് ഇന്നുള്ള സ്റ്റാഫ് പാറേറൺ പുനർനിർണ്ണയം നടത്തണമെന്നു സെനററിൻെറ ഈ യോഗം സിൻഡിക്കേററിനോട് അഭ്യർത്ഥിക്കുന്നു.

## ആർ. രമേശൻനായർ

യു. ജി. സി. യുടെ ഫാക്കൽട്ടി ഇംപ്രൂവ്മെൻറ് പ്രോഗ്രാം പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് ശമ്പളവും മററാനുകൂല്യങ്ങളും യഥാസമയം ലഭിക്കാത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കു ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നതിനുള്ള ഒരു സംവിധാനം ആവിഷ്കരിക്കണമെന്ന് സെനററിൻെറ ഈ യോഗം കേരളാ യൂണിവേഴ്സിററി സിൻഡിക്കേററിനോടും കേരളസർക്കാരിനോടും അഭ്യർത്ഥിക്കുന്നു.

## പി രവീന്ദ്രനാഥ്

കേരളാ യൂണിവേഴ്സിററിയുടെ കീഴിലുള്ള വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും താല്പര്യം മുൻനിർത്തി കേരളാ യൂണിവേഴ്സിററി ഒരു മൊബൈൽ ലൈബ്രറി ആരംഭിക്കണമെന്ന് സെനററിൻെറ ഈ യോഗം യൂണിവേഴ്സിററിയോട് അഭ്യർത്ഥിക്കുന്നു.

## പി. നരേന്ദ്രൻ

കേരള സർവകലാശാലയുടെ പ്രവർത്തനപരിധിയിൽ പുതിയ കോളേജുകൾ അനുവദിക്കുന്നത് വിവിധപ്രദേശങ്ങളിലെ ആവശ്യങ്ങൾ കണക്കിലെടുത്തായിരിക്കണമെന്നും ഇക്കാര്യം നിർണ്ണയിക്കുന്നത് ഒരു സർവ്വേ നടത്തി അതിൻെറ അടിസ്ഥാനത്തിലായിരിക്കണമെന്നും സെനററിൻെറ ഈ യോഗം സിൻഡിക്കേററിനോടു ശുപാർശ ചെയ്യുന്നു.

## ററി. എം. ജോസഫ്

"Resolved to request the Government that a special allowance of Rs. 150/–be given to the Professors who are shouldering additional responsibilities as Heads of the Departments in colleges affiliated to the University".

## ററി. എം. ജോസഫ്

"This meeting of the Senate of the University of Kerala resolves to request the Government that earned leave be sanctioned to all the examiners deputed for the conduct of the various examinations of the University who are deprived of their rights to enjoy the vacation".

(ശേഷം 17–ാം പേജിൽ)

*(Contd. Page 10)*

| | | | |
|---|---|---|---|
| 2. | B.A. / B.Sc. / B.Com. | Valuation of Answer Books. | Rs. 2/- |
| | | <u>B. Sc. Practicals :</u> | |
| | | (a) Prescribing the work for each examination, separately arranged, irrespective of the total number of examiners engaged. | |
| | | (i) if the examination is conducted in a single batch. | Rs. 60/- for Main subject and Rs. 40/- for Subsidary subject. |
| | | (ii) if the examination is conducted in more than one batch. | Rs. 35/- per batch for Main subject and Rs. 25/-per batch for subsidiary subject. |
| | NOTE : | For this purpose the same examinations which are conducted in different centres simultaneously either in the forenoon or in the afternoon will be considered as one batch for the forenoon and as another batch for the afternoon. | |
| | | (b) Preparing for the examination. | 50 paise per candidate registered, for each of 2 examiners. |
| | | (c) Conducting, superintending and judging the merit of the candidates. | Rs. 1.50 per candidate actually present, for each of 2 examiners, for examinations of 3 hours duration. Rs. 2.00 per candidate actually present for each of 2 examiners for examinations of 6 hours duration. |
| | | (d) Valuing Laboratory records | 65 paise per candidate for each of 2 examiners for Main subject and 50 paise per candidate for each of 2 examiners for Subsidiary subject. |
| 3. | B. Ed. | Valuation of answer books | Rs. 2/- |
| | | Visiting Practical Centres | Rs. 100/-per examiner per college visited. |

| | | |
|---|---|---|
| 4. M.A. / M.Sc. / M.Com./M.S.W. | Valuation of answer books | Rs. 3.50/- for each of 2 examiners. |
| | <u>M. Sc. Practicals :</u> | |
| | (a) Prescribing the work for each examination, separately arranged. | |
| | (i) if the examination is conducted in a single batch, | Rs. 50/- per batch |
| | (ii) if the examination is conducted in more than one batch. | Rs. 35/- per batch |
| | (b) Preparing for the examination. | 60 paise per candidate registered, for each of the 2 examiners. |
| | (c) Conducting, superintending and judging the merit of the candidates. | Rs. 1.80 per candidate actually present, for each of 2 examiners. |
| | (d) Valuing Laboratory Records | Rs. 1/- per candidate for each of 2 examiners. |
| | Viva voce | Rs. 3/- per candidate to be divided equally among members conducting the examination subject to a minimum of Rs. 50/- per examiner for all centres together. |
| | Valuing thesis | Rs. 15/-per thesis for each of 2 examiners. |
| | -do- for Home Science | Rs. 50/- per thesis for each of 2 examiners. |
| | -do- for Demography | Rs. 25/- per thesis for each of 2 examiners. |
| | Valuing Geological Map | Rs. 20/– per Map for each of 2 examiners. |

## ജൂലൈ 23 - അവകാശദിനം

# സ്ഥലംമാററങ്ങൾക്ക് മാനദണ്ഡമുണ്ടാക്കുക

## എസ്. എൻ. — എൻ. എസ്. എസ്. കോളേജുകളിൽ ധർണ

അധ്യാപകരുടെ കുടുംബജീവിതം തകർക്കുന്നരീതിയിൽ കോർപ്പറേററ് മാനേജുമെൻറുകൾ നടത്തുന്ന ദ്രോഹകരമായ സ്ഥലംമാററങ്ങളിൽ പ്രതിഷേധിച്ചു കൊണ്ടും, വ്യക്തമായ മാനദണ്ഡങ്ങൾ ഇക്കാര്യത്തിലുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടും ജൂലൈ 23–ന് എല്ലാ എ. കെ. പി. സി. ടി. എ. ബ്രാഞ്ചുകളും അവകാശദിനം ആചരിക്കും. ഏററവുമധികം സ്ഥലംമാററങ്ങളിലൂടെ അധ്യാപകരെ ഉപദ്രവിച്ചിട്ടുള്ള എസ്. എൻ., എൻ. എസ്. എസ്. മാനേജുമെൻറുകളുടെ കോളേജുകൾക്കു മുമ്പിൽ അന്നേ ദിവസം എ. കെ. പി. സി ടി. എ. പ്രവർത്തകർ ധർണ്ണ നടത്തുന്നതാണ്.

സംയുക്ത സമരസമിതി ഗവൺമെൻറിൻെറ മുന്നിൽ ഉന്നയിച്ചിരുന്ന എട്ടു ഡിമാൻറുകളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു സ്ഥലംമാററങ്ങൾക്ക് വ്യവസ്ഥയുണ്ടാക്കുക എന്നത്. ഇതു സംബന്ധിച്ച് ഒത്തുതീർപ്പിൽ ഉണ്ടായിട്ടുള്ള ഉറപ്പ് ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. ഒത്തു തീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കി കിട്ടുന്നതിനു വേണ്ടി നിയമസഭാ മന്ദിരത്തിനു മുമ്പിൽ ധർണ നടത്താനും എ. കെ. പി. സി. ടി. എ പ്രവർത്തക സമിതി തീരുമാനിച്ചിട്ടുണ്ട്.

അവകാശദിനാചരണവും ധർണയും പൂർണ്ണ വിജയത്തിലെത്തിക്കാൻ എല്ലാ എ. കെ. പി. സി. ടി. എ അംഗങ്ങളും മുൻകൈ എടുക്കണമെന്ന് ജനറൽ സെക്രട്ടറി അഭ്യർത്ഥിയ്ക്കുന്നു

---

(14–ാം പേജിൻെറ തുടർച്ച)

### പി രവീന്ദ്രനാഥ്

F. I P. അനുസരിച്ച് ഉപരിപഠനം നടത്തുന്ന പ്രൈവററ് കോളേജ് അധ്യാപകർക്ക് എത്രയും പെട്ടെന്ന് ശമ്പളം കിട്ടാനാവശ്യമായ നടപടി യൂണിവേഴ്സിററി സ്വീകരിക്കണമെന്ന് സെനററിൻെറ ഈ യോഗം ആവശ്യപ്പെടുന്നു.

### ആർ രമേശൻനായർ

കേരള സർക്കാർ കേരളത്തിലെ കോളേജ് അധ്യാപകർക്ക് യു. ജി. സി. ശമ്പളസ്കെയിലുകൾ തത്വത്തിൽ അംഗീകരിച്ചിട്ടുള്ള ഇന്നത്തെ സാഹചര്യത്തിൽ, ശമ്പളസ്കെയിൽ പ്രാവർത്തികമാക്കുവാൻവേണ്ട സാമ്പത്തികസഹായം നൽകാനും, കേരളത്തിൻേറതായ പ്രത്യേകതകൾ അംഗീകരിച്ചുകൊണ്ടു തന്നെ യു. ജി. സി. ശമ്പളസ്കെയിൽ നടപ്പാക്കുവാൻ വേണ്ട സത്വരനടപടികൾ എടുക്കുവാനും സെനററിൻെറ ഈ യോഗം കേന്ദ്ര ഗവൺമെൻറിനോടഭ്യർത്ഥിക്കുന്നു.

### ററി. എം. ജോസഫ്

"That in Chapter 1- General-of the Kerala University First Statutes 1976 in respect of Pension, Provident Fund etc. of teachers of Private colleges, I move the following amendment as Statute '6' immediately after the amendment which came in to force from the 30th April 1979.

Notwithstanding anything contained in these Statutes a teacher who opts for retirement at the age of fity five may at any time before his completing the age of fifty five re-opt to retire at the age of sixty and thereafter he/she shall be governed by the provisions of Chapter III of these Statutes".

### സംഘടനാസ്വാതന്ത്ര്യം സംരക്ഷിക്കണം

# അടിയന്തിരപ്രമേയം

നായർ സർവ്വീസ് സൊസൈററിയുടെ തൃശൂർ സമ്മേളനത്തിൻെറ പേരു പറഞ്ഞ് എൻ. എസ്. എസ്. മാനേജ്മെൻറ് കഴിഞ്ഞ അധ്യയന വർഷത്തിൽ കോളേജ് അധ്യാപകരെ ഭീഷണിപ്പെടുത്തി, ലക്ഷക്കണക്കിനു രൂപ കോഴ വാങ്ങിയ സംഭവം ഓർക്കുമല്ലോ. ഈ സംഭവത്തിൽ, എൻ. എസ്. എസ്. കോളേജ് ടീച്ചേഴ്സ് കോ—ഓർഡിനേഷൻെറ പ്രതിഷേധം സെക്രട്ടറി എന്ന നിലയിൽ ഡോ. പി. സുകുമാരപ്പണിക്കർ മാനേജുമെൻറിനെ എഴുതി അറിയിക്കുകയുമുണ്ടായി. എൻ. എസ്. എസ്. മാനേജ്മെൻറിന് ഇത് തീരെ സഹിച്ചില്ല. അവർ ഈ നടപടിയിൽ കണ്ടത് ഡോ: പണിക്കരുടെ 'ധിക്കാര'മാണത്രെ. ഡോ: പണിക്കർക്കെതിരെ മാനേജ്മെൻറ് നടപടിയെടുക്കാൻ തീരുമാനിച്ചു. ഷോകോസ് നോട്ടീസ് നൽകി. ഇത് അധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യത്തിന്മേൽ, അഹന്ത മൂത്ത മാനേജരുടെ കൈകടത്തലാണെന്നു പറയേണ്ടതില്ലല്ലോ. ഇതിൽ പ്രതിഷേധിക്കുന്ന, ഇത്തരം പ്രവർത്തനങ്ങളിൽ നിന്നും മാനേജുമെൻറിനെ പിന്തിരിപ്പിക്കുവാൻ അഭ്യർത്ഥിക്കുന്ന, അടിയന്തിര പ്രമേയം കേരള യൂണിവേഴ്സിററിയുടെ കഴിഞ്ഞ സെനററ് യോഗം പാസ്സാക്കി. സർവ്വശ്രീ. പി. നരേന്ദ്രൻ, എൻ. എം. ജോസഫ് എന്നിവർ ചേർന്നവതരിപ്പിച്ച പ്രമേയം — ചില മാനേജുമെൻറുകൾ അധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യത്തിൽ കൈകടത്തുന്നതിൽ പ്രതിഷേധിക്കുന്ന പ്രമേയം — സഭ ചർച്ച ചെയ്തു.

പ്രമേയം അവതരിപ്പിച്ചുകൊണ്ട് :

പ്രൊഫ. പി. നരേന്ദ്രൻ: ........... ചുരുക്കത്തിൽ, കവലച്ചട്ടമ്പികളെക്കൊണ്ടു നിറഞ്ഞിരിക്കുകയാണ് എൻ. എസ്. എസ്. മാനേജുമെൻറ്. ഇവരുടെ കാടത്തത്തിനു കടിഞ്ഞാണിടാൻ യൂണിവേഴ്സിററിയും മററധികൃതരും തയ്യാറാകാത്തപക്ഷം ശക്തമായ പ്രക്ഷോഭ പരിപാടികളുമായി അധ്യാപക വർഗ്ഗം മുന്നോട്ടുപോവുകതന്നെ ചെയ്യും.

പ്രൊഫ. പി. രവീന്ദ്രനാഥ്: ഭീഷണിപ്പെടുത്തി കോഴ വാങ്ങുന്നതിന് ആയിരം ഉദാഹരണങ്ങൾ നിരത്താൻ കഴിയും........ഇതിൽ നിന്നും പിന്തിരിയണമെന്ന് ആവശ്യപ്പെടേണ്ടത്, എൻ. എസ്. എസ്സിൻെറ സഹോദര സംഘടനകളായ മററു മാനേജുമെൻറുകളുടെ ബാധ്യതയാണ്. വൈരനിര്യാതന ബുദ്ധിയോടെ സംഘടനാ പ്രവർത്തകരെ നേരിടുന്നതിൽ റിക്കാർഡു സൃഷ്ടിച്ച എൻ. എസ്. എസ്സിൻെറ ഈദൃശ പ്രവർത്തനങ്ങൾ തുടരാനാണു ഭാവമെങ്കിൽ അതിനെതിരേ ആഞ്ഞടിക്കാൻ അധ്യാപകവർഗം ഒരിക്കലും മടിക്കയില്ല.

ശ്രീ. ആർ. രമേശൻ നായർ : ..........'കവലച്ചട്ടമ്പികൾ' എന്നു വിളിച്ചതിന് ബഹുമാനപ്പെട്ട മെമ്പർ തേവള്ളി മാധവൻപിള്ള അരിശംകൊണ്ടു തുള്ളുന്നതു കണ്ടു........ വർഷങ്ങൾക്കു മുമ്പ്, കോളേജധ്യാപകർ ചങ്ങനാശ്ശേരിയിലെ എൻ. എസ്. എസ്. ഹെഡ് ക്വാർട്ടേഴ്സിനു മുന്നിൽ ഒരു ധർണ്ണ നടത്തിയപ്പോൾ, അവിടെവന്ന്, സാക്ഷാൽ കവലച്ചട്ടമ്പിയായി അഴിഞ്ഞാടിയത് ഈ തേവള്ളി തന്നെയായിരുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ, ശ്രീ. ദേവദാസ് തുടങ്ങി നിരവധി സംഘടനാ നേതാക്കളും ചർച്ചയിൽ പങ്കുകൊണ്ടു. □

---

## ഒത്തുതീർപ്പു വ്യവസ്ഥകൾ ഉടൻ നടപ്പിലാക്കുക :

നിയമസഭയ്ക്കു മുമ്പിൽ അധ്യാപക ധർണ.

ഗവൺമെൻറും സംയുക്ത സമരസമിതിയുമായി ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ എത്രയും പെട്ടെന്നുതന്നെ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിയമസഭയ്ക്കു മുമ്പിൽ കൂട്ടധർണ നടത്താൻ ജൂലൈ 5 ന് കൂടിയ എ. കെ. പി. സി. ടി. എ. വർക്കിംഗ് കമ്മിററി തീരുമാനിച്ചു.

## the 66 th conference of ILO

The International Labour Organisation met in June 1980 in Geneva for its 66th Conference, which was also attended by the F I S E. Among the problems discussed at the conference, there where three questions of particular interest to the castegories of workers organised within the FISE: "Older workers: Work and Retirement"; "Equal opportunities and equal pay for Men and Women; Workers with Family Responsibilities"; "Promotion of Collective Negotiations." Three Commissions were formed to discuss these there problems.

In the course of the discussion of the first question the delegates established the deterioration of the economic situation, which was in the fi st place injurious to older workers, who represented an isolated and most vulnerable group in the capitalist contries. The main subject of the discussion and of the documents were related to possible ways and means to improve the situation of older workers and to give them better opportunities to retire. In this connection it was proposed to set an end to all discrimination against that group, to ensure these workers of equal opportunities with other groups of workers in regared to employment, further vocational qualification, guaranteed employment, strict observation of health protection regulations and the allocation of less strenuous work without reduction of pay as far as possible and more attention to their preparation for and access to retirement.

As regards the application of the points contained in the documents, it was recommended to include them in legislations and collective agreements. It was underlined that trade unions should actively participate in the elaboration of policy in this domain.

The Commission charged with the problems of equal opportunities and pay for workers of both sex concluded that instruments in force needed to be completed and better adapted to the requirements of the present situation. If the standards already adopted by the I L O above all applied to women, the submitted document of this session applied to both, men and women.

The problems of the discrimination of women workers in the capitalist countries remains on the agenda of discussions. Women are discriminated in regard to employment, dismissal, remuneration, advancement and access to the professions. In vocational training women are still directed towords the so-called "women" occupations.

The commission indicated three directions in the effort to solve the problems linked with the double responsibility of workers with family obligations (at work and at home), namely, the development of child care services, a better organisation of employment and

professional work, the alleviation of family obligations.

In this connection the F I S E holds of a clearcut point of views. The solution of these problems requires a reduction of working hours without loss of pay, the creation of a large network of pre-school and sehool establisments with favourable conditions and of modern system of municipal services, convenient and accessible to the workers.

Despite opposition by the employers' group, the delegates supported the idea that a Convention and a Recommendation should be adopted at the following ILO Conference.

A very lively debate took place in the commission dealing with ihe question of the promotion of collective negotiations.

In the report drawn up by the ILO for that Commission it was clearly stated that persons emploped by the public authorities were excluded, since the procedures of defining the working conditions of these persons were already covered by convention No 151 and Recommendation No 159 on labour relations in the public service of 1978.

During the discussion in the commission efforts were made in two directions: to prevent the limitation of the concept of 'collective negotiations' to the significance of 'negotiations on the conclusion of collective agreements', and to ensure that it should cover all interests of the workers. Secondly, to extend the standards internationally adopted to include public employees.

The situation became strained when the delegates of the government group of the capitalist countries supported the employers' representatives, Since the state was the employe in the public service.

The question has not yet been argued out to the end. In 1981, at the next I L O canference, there will be further discussion and the adoption of a document.

The FISE consideres that a large front of trade union and mass organisations should be created, to support progressive positions at that conference. in line with the interests of the workers.

*(Teachers' Movement)*

---

*(......Contd. from Page 6)*

training-oriented. National Defence Academy or Administrative Staff Training College or National Council for Educational Research and Training etc are such institutions. Besides, although colleges and universities are traditionally clubbed together, often a distinction is made between them not only in terms of level of education but in terms of salary and status of teachers and even in terms of administration.

10. However, in spite of these complicating factors tne basic three categories remain meaningful since they do constitute the three broad divisions in terms of level of education and teachers.

*[Draft document presented to the International Seminar on status & service conditions of south-east Asian Teachers.]*

*[—to be contd. in the next issue]*

(4–ാംപേജിന്റെ തുടർച്ച)

നോൺവെക്കേഷൻ സ്റ്റാഫിന് 11 മാസം ജോലിചെയ്താൽ ഒരു മാസത്തെ ഏൺഡ് ലീവിന് അർഹതയുണ്ട്. ഇതിനു പകരം വെക്കേഷൻ ജീവനക്കാരായ അധ്യാപകർക്ക് ഒരധ്യയനവർഷത്തിൽ 10 മാസം ജോലിചെയ്യുന്നതിന് രണ്ടു മാസത്തെ വെക്കേഷൻ ലഭിയ്ക്കുന്നു. ഈ വെക്കേഷൻ ഏതെങ്കിലും കാരണവശാൽ നിഷേധിയ്ക്കപ്പെടുമ്പോഴാണ് അധ്യാപകർ ആനുപാതികമായ ഏൺഡ് ലീവിന് അർഹരായിത്തീരുന്നത്. വെക്കേഷൻ കാലത്തു നടക്കുന്ന എൻ. സി. സി. ട്രെയിനിംഗ്, സമ്മർ സ്ക്കൂൾ എന്നിവയ്ക്കെല്ലാം ഇതിനുമുമ്പുതന്നെ ലഭിച്ചുവന്നിരുന്ന ഈ ആനുകൂല്യം ഇപ്പോൾ പരീക്ഷാ സൂപ്പർവിഷൻ ജോലിയ്ക്കുകൂടി സർക്കാർ ബാധകമാക്കിയിരിക്കയാണ്.

ഒരു മാസത്തെ ഏൺഡ് ലീവിനുപകരമാണ് രണ്ടുമാസത്തെ വെക്കേഷൻ എന്നു പറഞ്ഞുവല്ലോ. അതുകൊണ്ട് ഒരു ദിവസത്തെ വെക്കേഷൻ നഷ്ടപ്പെടുമ്പോൾ ഏകദേശം $\frac{1}{2}$ ദിവസത്തെ ഏൺഡ്ലീവിന് അധ്യാപകർ അർഹരായിത്തീരുന്നു. നിഷേധിക്കപ്പെടുന്ന വെക്കേഷൻ ദിവസങ്ങളുടെ എണ്ണത്തെ മൊത്തം വെക്കേഷൻ ദിവസങ്ങളെക്കൊണ്ട് ഹരിച്ച് അതിനെ 30 കൊണ്ട് ഗുണിയ്ക്കുമ്പോഴാണ് അർഹതയുള്ള ഏൺഡ്ലീവ് ദിനങ്ങളുടെ എണ്ണം ലഭിയ്ക്കുന്നത് അതായത് :

$$\frac{\text{No. of Days of Vacation Prevented}}{\text{Total Days of Vacation}} \times 30 = \text{No. of days of earned leave admissible}$$

നിഷേധിക്കപ്പെടുന്ന വെക്കേഷൻ ദിനങ്ങളിൽ രണ്ടു പ്രവർത്തിദിവസങ്ങൾക്കിടയിൽ വരുന്ന പൊതു ഒഴിവുദിനങ്ങളും ഉൾപ്പെടുമെന്ന് സർക്കാർ ഉത്തരവിൽനിന്നും വ്യക്തമാണ്.

ഏൺഡ്ലീവിനപേക്ഷിക്കേണ്ടത് സാധാരണ കാഷ്വൽ ലീവൊഴികെയുള്ള ലീവുകൾക്ക് അപേക്ഷിയ്ക്കുന്ന ഫോറത്തിൽ തന്നെയാണ്. മററു കോളേജുകളിലായിരുന്നു പരീക്ഷാജോലിയെങ്കിൽ ഡ്യൂട്ടി സർട്ടിഫിക്കററും ലീവപേക്ഷയ്ക്കൊപ്പം അയയ്ക്കേണ്ടതാണ്. കോളേജ് മാനേജുമെൻറിനാണ് ലീവിനുള്ള അപേക്ഷകൊടുക്കേണ്ടത്.

ഏൺഡ് ലീവ് അനുവദിയ്ക്കപ്പെട്ടു കഴിഞ്ഞാൽ ആയത് ലീവായിത്തന്നെ (മുഴുവൻ ശമ്പളത്തോടെ) എടുക്കുവാനോ, സറണ്ടർ ചെയ്ത് അത്രയും ദിവസത്തെ ശമ്പളം വാങ്ങാനോ അധ്യാപകന് അർഹതയുണ്ട്. സറണ്ടർ ചെയ്യാനുദ്ദേശിയ്ക്കുന്നുവെങ്കിൽ അക്കാര്യം പ്രിൻസിപ്പലിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അങ്ങിനെ ചെയ്യുകയാണെങ്കിൽ അത്രയും ദിവസത്തെ ശമ്പളം ബില്ലെഴുതി വാങ്ങിത്തരുവാനുള്ള നടപടി പ്രിൻസിപ്പൽ സ്വീകരിക്കുന്നതാണ്.

സർക്കാർ ഇപ്പോൾ അനുവദിച്ച ഈ ആനുകൂല്യത്തിൽ നാം തൃപ്തരല്ല. ഇത് എല്ലാവിധ പരീക്ഷാ ജോലികൾക്കും ബാധകമാക്കാനുള്ള പ്രക്ഷോഭണപരിപാടികൾ സംഘടന മുന്നോട്ടുകൊണ്ടുപോകുക തന്നെ ചെയ്യും. □

## അവധിക്കാല ശമ്പളം :

### പ്രശ്നം പരിഹരിച്ചു.

കോഴിക്കോട് യൂണിവേർസിററിയുടെ കീഴിലുള്ള കോളേജുകളിലെ ഷിഫ്ററ് വേക്കൻസികളിൽ ജോലി നോക്കുന്ന നിരവധി അധ്യാപകരുടെ തടഞ്ഞുവച്ച അവധിക്കാലശമ്പളം നൽകാനുള്ള ഉത്തരവ് ഗവൺമെൻറ് പുറപ്പെടുവിച്ചിരിക്കുന്നു.

**Relevant rules of the K.S.R. referred to in the order sanctioning earned leave are given below :**

**Rule 80**

Earned leave is not admissible to an officer in permanent employ serving in a vacation dept in respect of duty performed in any year in which he avails himself of the full vacation.

**Rule 81**

The earned leave admissible to an officer in permanent employ serving in a vacation dept in respect of any year in which he is prevented from availing himself of the full vacation is such proportion of 30 days as the number of days of vacation is taken bears to the full vacation. If in any year the officer does not avail himself of the vacation, earned leave will be admissible to him in respect of that year in accordance with the provisions of rules 78 and 79 above.

**Rule 78** Earned leave at the rate of $\frac{1}{11}$ th for a permanent employee.

**Rule 79** Maximum 120 days.

**Rule 86** The provisions of rules 78, 80, 81 and 83 apply also to an officer not in permanent employ except that in respect of the first year of Service the earned leave admissible in one twenty second ($\frac{1}{22}$) of the period spent in duty.

Provided that no earned leave shall be admissible to such an officer in a vacation department in respect of the first year of his service.

---

## ഏഴുമാസമായി ശമ്പളമില്ല.

യു. ജി. സി. യുടെ എഫ്. ഐ. പി. സ്കീമനുസരിച്ച് ഗവേഷണം നടത്തുന്ന അധ്യാപകർക്ക് കഴിഞ്ഞ ഏഴുമാസമായി ശമ്പളം ലഭിക്കുന്നില്ല. സംഘടനാ പ്രതിനികൾ ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഈ പ്രശ്നം പലതവണ ചർച്ച ചെയ്യുകയുണ്ടായി.

ചില സാങ്കേതികത്വത്തിന്റെ നൂലാമാലകളെടുത്തിട്ട് ശമ്പളം തടഞ്ഞത് അധ്യാപകരെ ബുദ്ധിമുട്ടിക്കുന്ന നടപടി ശരിയല്ലെന്നും, ഇക്കാര്യത്തിൽ വിദ്യാഭ്യാസമന്ത്രി ഇടപെട്ട് ശമ്പളം നൽകാൻ നിർദ്ദേശിക്കണമെന്നും എ. കെ. പി. സി. ടി. എ. ജനറൽ സെക്രട്ടറി ഒരു പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

---

# A K P C T A
# WELFARE TRUST

പ്രൈവറ്റ് കോളേജധ്യാപകർക്കുള്ള ഏറ്റവും വലിയ
സുരക്ഷിതത്വ പദ്ധതി,
സർവീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക്
പതിനായിരം രൂപ ധനസഹായം ലഭിയ്ക്കുന്നു.
ജോലിചെയ്യാൻ കഴിയാത്തവിധത്തിൽ
രോഗബാധിതരാകുന്നവർക്കും ധനസഹായം.


A K P C T A
WELFARE TRUST

പ്രൈവററ് കോളേജ്
അധ്യാപകരുടെ

# സംഘടിതശബ്ദം

കേരള പ്രൈവററ്
കോളേജ് ടീച്ചർ

എ. കെ. പി. സി. ടി. എ. പ്രസിദ്ധീകരണം

---

For Comfortable Stay

**KAYCEES**

**the most modern and luxurious lodge**

Y. M. C. A. Road, KOTTAYAM

Phone: 3440

kerala private college teacher
*a. k. p. c. t. a. journal*
*Vol. 4*
*No. 28*
*Registered No : KL/TV/237*

GOVERNMENT OF KERALA

HIGHER EDUCATION DEPARTMENT.

No. 12241/D2/82/H. Edn
Higher Education (D) Department,
Dated Trivandrum, 26-6-81.

From

The Special Secretary.

To

The Deputy Director of Collegiate Education, Quilon, Tripunithura Calicut.

Sir,

Sub:- Private Colleges - Introduction of Shift System — Vacation Salary to teachers appointed under the Shift system—payment of—orders issued.

I am directed to request that the salary bills of Private College teachers under the shift system for the vacation period may be honoured, provided the Manager/ Principal of the College concerned certifies that the teacher concerned is likely to continue in service of that college in the next academic year and that the University will be moved for the continuance of the post held by the teacher. I am also to request that for safeguarding the Governments interest an under taking will be obtained by the college from the teacher to refund the vacation salary in the event of University not approving the post.

The bills for the months of April and May shall be accompanied by the above certificates from the Manager/ Principal of the College and the Undertaking from the teacher.

Yours faithfully,
Sd/-
C. GOPALAKRISHNAN NAIR,
Under Secretary,
for Spl. Secretary.

*printed and published by prof. v. narayanan kutty, at chempaka printers, trivandrum-4, chief editor: v. n. murali.*